## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4728 — 19.05.2017-ൽ മറുപടിയ്ക്ക്

## തലശ്ശേരി മണ്ഡലത്തിൽ സാംസ്കാരികവകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എ. എൻ. ഷംസീർ:** | **ശ്രീ.എ.കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി** |
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ സാംസ്കാരികവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ തലശ്ശേരിയിലെ കെ.രാഘവൻ മാസ്റ്റർ സ്മാരകത്തിൽ രാഘവൻ മാസ്റ്ററുടെ പ്രതിമ നിർമ്മാണത്തിനായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ നിരവധി പരിപാടികൾ ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. 'കളരിപ്പയറ്റും ഇതരകലകളും' എന്ന വിഷയത്തെ ആധാരമാക്കി 2017 ഫെബ്രുവരി 20 മുതൽ നാലുദിവസം നീണ്ടുനിൽക്കുന്ന 'പൊന്ന്യത്തങ്കം 2017' എന്ന പരിപാടിയിൽ പകൽ സെമിനാറുകൾ, കലാകാരക്കൂട്ടായ്മകൾ എന്നിവയും രാത്രികളിൽ കേരളത്തിലെ ഒരു ഡസനിലധികം കളരിപ്പയറ്റും ഇരുപതോളം അവതരണകലകളും അരങ്ങേറി. കൂടാതെ ഇരുപതിലധികം ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, സ്കൂളുകൾ എന്നിവയുമായി ചേർന്ന് നാടൻകലാമേളകളും നടത്തുകയുണ്ടായി.<br>കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് വഴിയുള്ള പ്രദർശനങ്ങൾ കേരളത്തിലുടനീളം നടത്തി വരുന്നുണ്ട്. 2016 ലെ സംസ്ഥാന ചലച്ചിത്ര അവാർഡ് ആഗസ്റ്റ് രണ്ടാം വാരം തലശ്ശേരിയിൽ വച്ച് നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്, അതോടൊപ്പം കുട്ടികളുടെ ഒരു ക്യാമ്പ് 2017 മെയ് മാസത്തിൽ തലശ്ശേരിയിൽ നടത്താനും തീരുമാനിച്ചിട്ടുണ്ട്.<br>കേരള സാഹിത്യ അക്കാദമി 2017 മാർച്ച് 11, 12 തീയതികളിലായി യു.പി.ജയരാജ് ഓർമ്മ, തലശ്ശേരിയുടെ സഹകരണത്തോടെ തലശ്ശേരി ക്രൈസ്റ്റ് കോളേജിൽ വച്ച് യുവ കഥാകൃത്തുക്കൾക്കായി ചെറുകഥാശില്പശാല സംഘടിപ്പിച്ചു. അക്കാദമി ഭാരവാഹികളും പ്രശസ്ത ചെറുകഥാകൃത്തുക്കളും പങ്കെടുത്ത ശില്പശാല യുവ എഴുത്തുകാർക്ക് ഏറെ പ്രയോജനപ്പെട്ടു.<br>കേരള സ്റ്റേറ്റ് ബുക്ക്മാർക്കിന്റെ സഞ്ചരിക്കുന്ന പുസ്തകശാല വാഹനം തലശ്ശേരി നിയോജക മണ്ഡലത്തിൽ ഉടനീളം സഞ്ചരിക്കുകയും പുസ്തക വില്പന നടത്തിവരികയും ചെയ്യുന്നു. |

Cinthu

**സെക്ഷൻ ഓഫീസർ**